# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5251

27.7.2015 – ൽ മറുപടിയ്ക്ക്

## കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>'' കെ.ശിവദാസൻ നായർ<br>'' സണ്ണി ജോസഫ്<br>'' എം.പി.വിൻസെന്റ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) കയർമേഖലയുടെ സമഗ്ര വികസനത്തിനും, കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി നിലവിലുള്ള താഴെ പറയുന്ന പദ്ധതികളെല്ലാം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര /പ്രവർത്തന മൂലധനം നൽകുന്നു<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധന സഹായം നൽകി വരുന്നു.<br><br>3. കയറും കയറുൽപ്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (MDA) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു. |

5. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

6. ഉല്പാദനവും വിപണന പ്രചോദനവും (PMI) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

7. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അത്രയും സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം

| | |
|---|---|
| | കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തു ക എന്നതുമാണ് പദ്ധതി കൊ ണ്ട് ലക്ഷ്യമിടുന്നത്. |
| ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | ബി) **'തൊ ണ്ട് സംഭരണവും ചകിരി ഉല്പാദനവും'** പദ്ധതി നടപ്പാക്കുന്നത് കയർ വികസന വകുപ്പിന് പുറമെ സഹകരണ, സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾ, കയർപിരി മേഖലയിലെ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്. സ്വകാര്യ മേഖലയിലെ കയർപിരി, കയർ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരുടെയെല്ലാം സഹകരണത്തോടെയാണ്. |
| സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടു ണ്ട്? | സി) 05.02.2015 ലാണ് പുതിയ തൊണ്ട സംഭരണ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊ ണ്ട് പ്രോജക്റ്റ് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ രൂപീകരിക്കപ്പെടുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ